(ബി) സർവ്വകലാശാല നിയോഗിച്ച അന്വേഷണ സമിതി അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) അന്വേഷണ സമിതി സർവ്വകലാശാലയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) റിപ്പോർട്ടിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) അന്വേഷണ സമിതിയുടെ റിപ്പോർട്ടിന്മേൽ സർക്കാർ നടപടി ആവശ്യമെന്ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് ശുപാർശ ചെയ്താൽ പരിശോധിക്കുന്നതാണ്.

ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ ബി. ആർ. കോഴ്സിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പുതിയ തസ്തിക അനുവദിക്കാൻ നടപടി

134 (4417) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ടി.കെ. എം. എഞ്ചിനീയറിംഗ് കോളേജിൽ ബി. ആർക്ക് കോഴ്സിന്റെ സുഗമമായ നടത്തിപ്പിന് ആർക്കിടെക്ചർ കൗൺസിലിന്റെ നോംസ് അനുസരിച്ച് പുതിയ തസ്തികകൾ അനുവദിക്കുന്നതിനായി മാനേജ്മെന്റ് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

പോളിടെക്നിക്കുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ

135(4418) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ പോളിടെക്നിക്കുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ :

(ബി) പോളിടെക്നിക്കുകളിൽ എ.ഐ.സി.റ്റി.ഇ. അദ്ധ്യാപകർക്ക് എ. ഐ. സി. റ്റി. ഇ. പേ സ്കെയിൽ എന്നിവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ :

(സി) ഇത് സംബന്ധിച്ച് പഠിക്കുന്നതിനും ശിപാർശ നൽകുന്നതിനും മുൻസർക്കാർ കമ്മിറ്റിയെ നിയോഗിച്ചിരുന്നോ : ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കമ്മിറ്റിയിലെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ :

(ഇ) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ രാവിലെ 9.15 മുതൽ വൈകിട്ട് 4.30 വരെ ആഴ്ചയിൽ 5 ദിവസം എന്ന കണക്കിനാണ് പോളിടെക്നിക്ക് അദ്ധ്യാപകരുടെ ജോലി സമയം. അനദ്ധ്യാപകർക്ക് മറ്റ് സർക്കാർ ഉദ്യോഗസ്ഥരുടെ ജോലി സമയമാണ് നിശ്ചയിച്ചിട്ടുള്ളത്. അവർക്കെല്ലാം തന്നെ ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ശമ്പള സ്കെയിലാണ് നൽകി വരുന്നത്.

(ബി & സി) എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പോളിടെക്നിക്കുകളിലെ പ്രിൻസിപ്പൽ, ഹെഡ് ഓഫ് സെക്ഷൻ, ലക്ചറർ എന്നിവർക്ക് എ. ഐ. സി. റ്റി. ഇ. ശമ്പള സ്കെയിൽ നടപ്പിലാക്കുന്നതിന് 22-5-2000-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം.എസ്.) 70/2000/ഉ.വി.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എ. ഐ. സി. റ്റി. ഇ. ശമ്പള സ്കെയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനും ശിപാർശ നൽകുന്നതിനും വേണ്ടി ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, സീനിയർ ജോയിന്റ് ഡയറക്ടർ (പി. എസ്.) എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റിയെ മുൻസർക്കാർ മേൽഉത്തരവിൻ പ്രകാരം നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) 1. എ. ഐ. സി. റ്റി. ഇ. ശമ്പള സ്കെയിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ, പ്രിൻസിപ്പൽ ഹെഡ് ഓഫ് സെക്ഷൻ, ലെക്ചറർ എന്നിവർക്ക് ശമ്പള സ്കെയിലിന്റെ ആനുകൂല്യം നൽകണം.

മേൽ തസ്തികയിലെ ശമ്പള സ്കെയിൽ താഴെപ്പറയും പ്രകാരമാണ്:

പ്രിൻസിപ്പൽ	-	16,400 - 20,000
ഹെഡ് ഓഫ് സെക്ഷൻ	-	12,000 - 18,300
ലക്ചറർ	-	8,000 - 13,500

2. എ.ഐ. സി. റ്റി. ഇ. സ്കീമിൽ ഉൾപ്പെടുന്ന അദ്ധ്യാപകരുടെ പ്രവർത്തി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 4.30 വരെ ആഴ്ചയിൽ 5 ദിവസം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

3. എ. ഐ. സി. റ്റി. ഇ. സ്കീം അനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യതയില്ലാതെ ഇപ്പോൾ മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് നിഷ്കർഷിതമായ വിദ്യാഭ്യാസ യോഗ്യത മൂന്ന് വർഷത്തിനുള്ളിൽ നേടേണ്ടതാണെന്ന വ്യവസ്ഥയിൽ സർവ്വീസ് സംരക്ഷണം നൽകേണ്ടതാണ്.

(ഇ) കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ പരിശോധിക്കുകയും എ. ഐ. സി. റ്റി. ഇ. സ്കീം നടപ്പിലാക്കുമ്പോൾ കടുത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണ്ടെത്തുകയും ചെയ്തു. അതിനാൽ സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കുന്നതിനായി ഇക്കാര്യം താല്ക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

റാന്നി നിയോജകമണ്ഡലത്തിൽ ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കാൻ നടപടി

136 (419) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ എത്ര ഹൈസ്കൂളുകളാണ് ഉള്ളത് ; ഇതിൽ സർക്കാർ/എയിഡഡ് എത്ര വീതം എന്ന് വ്യക്തമാക്കാമോ ;

(ബി) റാന്നി നിയോജകമണ്ഡലത്തിൽ എത്ര ടെക്നിക്കൽ ഹൈസ്കൂളുകൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ ടെക്നിക്കൽ ഹൈസ്കൂളുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 28 എണ്ണം.

സർക്കാർ സ്കൂളുകൾ	6
എയ്ഡഡ് സ്കൂളുകൾ	21
(അൺ എയ്ഡഡ്	1)

(ബി) ടെക്നിക്കൽ ഹൈസ്കൂളുകൾ നിലവിലില്ല. പുതിയവ ആരംഭിക്കുന്ന കാര്യം തല്ക്കാലം പരിഗണനയിലില്ല.

കൊച്ചി സർവ്വകലാശാലയിലെ വിവിധ തസ്തികകളിൽ നിയമനം

137 (4420) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സർവ്വകലാശാല 2000 ജൂണിൽ അസിസ്റ്റന്റ് ഗ്രേഡ് - 2, റും ബോയ് നിയമനത്തിനായി അപേക്ഷ ക്ഷണിച്ച് നാളിതുവരെ നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly